# നാവ് നേരെയായാൽ വിശ്വാസം നേരെയായി

عَن أَنَس بْن مَالِك رَضِيَ اللَّهُ عَنْهما قَالَ : قَالَ رَسُولُ اللَّهِ ﷺ لايَستَقِيمُ إيمَانُ عَبْدٍ حَتَّي يَستَقِيمَ قَلْبُهُ

وَلا يَسْتَقِيمُ قَلْبُهُ حَتَّي يَستَقِيمَ لِسَانُه (أحمد)

**അനസുബ്നു മാലികി(റ)ൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "ഹൃദയം നേരെയാവാത്ത ഒരാളുടെ വിശ്വാസം നേരെയാവില്ല. നാവ് നേരെയാവാതെ ഹൃദയവും നേരെയാവില്ല"**

നാവും സംസാരശേഷിയും അല്ലാഹു പ്രദാനം ചെയ്ത മഹത്തായ അനുഗ്രഹമാണ്. നേരാംവിധം ഉപയോഗപ്പെടുത്താനായാൽ ഇഹപര നേട്ടങ്ങൾ അതുവഴി മനുഷ്യന് സ്വന്തമാക്കാം. തെറ്റായ വിധത്തിലാണ് അവ ഉപയോഗിക്കുന്നതെങ്കിൽ അത് കൊണ്ടുണ്ടാകുന്ന അനർഥങ്ങൾ ധാരാളമായിരിക്കും. ഈമാനെ വരെ ദുർബലപ്പെടത്തിക്കളയാൻ അത് കാരണമായിത്തീരും. അതിനാൽ എന്ത് സംസാരിക്കണമെന്നും എങ്ങനെ സംസാരിക്കണമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

മറ്റുള്ളവരോട് സംസാരിക്കും മുമ്പ് സ്വന്തത്തോട് ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. ഇപ്പോൾ ഞാൻ വല്ലതും പറയേണ്ടതുണ്ടോ? അങ്ങനെ പറയുന്നത് കൊണ്ട് വല്ല പ്രയോജനവുമുണ്ടോ? അതല്ല, ഗുണത്തേക്കാളേറെ ദോഷമാണോ അത് ഉണ്ടാക്കുക? പ്രയോജനമുണ്ട് എന്നാണുത്തരമെങ്കിൽ മാത്രം സംസാരിക്കുകയും അല്ലെങ്കിൽ മിണ്ടാതിരിക്കുകയും വേണം. "നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരെങ്കിൽ നല്ലത് പറയട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ" എന്നാണ് നബി(സ) അരുളിയിട്ടുള്ളത്.

അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറഞ്ഞു: "മേത്തരം കുതിരകളെക്കാളേറെ വിലയേറിയ അഞ്ച് കാര്യങ്ങളുണ്ട്. ഒന്ന്, ഒരു പ്രയോജനവുമില്ലാത്ത അതുമിതും സംസാരിക്കാതിരിക്കുക. അങ്ങനെ ചെയ്യുന്നത് അസംബന്ധമാണെന്ന് മാത്രമല്ല, പാപമായിത്തീരാനിടയുണ്ടെന്നും ഭയപ്പെടുക.

രണ്ട്, അവസരം ലഭിച്ചാലും വല്ലതും പറയാനുണ്ടെങ്കിൽ മാത്രമേ വായ തുറക്കാവൂ. അങ്ങനെയല്ലാതെ സംസാരിച്ചാൽ കുഴപ്പമുണ്ട്. മൂന്ന്, ബുദ്ധിമാനോടും വിഡ്ഢിയോടും ദേഷ്യപ്പെടരുത്. അങ്ങനെ ചെയ്താൽ ബുദ്ധിമാൻ നിങ്ങളെ കൊള്ളരുതാത്തവനായി എണ്ണും. വിഡ്ഢി നിങ്ങളെ ഉപദ്രവിക്കും. നാല്, നിങ്ങളില്ലാത്തപ്പോൾ നിങ്ങളെക്കുറിച്ച് കൂട്ടുകാരൻ എന്ത് പറയുന്നതാണോ നിങ്ങൾക്കിഷ്ടം അത് നിങ്ങൾ കൂട്ടുകാരനില്ലാത്തപ്പോൾ അവനെക്കുറിച്ചും പറയുക. അവൻ നിങ്ങളെക്കുറിച്ച് നല്ലത് വിചാരിക്കും പോലെ, അവനെ കുറിച്ച് നിങ്ങളും വിചാരിക്കുക.

അഞ്ച്, നല്ലത് പറഞ്ഞാലും ചെയ്താലും പ്രതിഫലവും, മോശമായത് പറഞ്ഞാലും ചെയ്താലും ശിക്ഷയും കിട്ടുമെന്ന ബോധം സംസാരിക്കുമ്പോഴെല്ലാം നിലനിർത്തുക (ഇബ്നു അബിദ്ദുനുസ്).

ഹൃദയം നേരെയാവുക എന്നതാണ് ഏറ്റവും പ്രധാനം. അതിനുള്ള മുഖ്യമായ മാർഗം നാവ് നേരെയാക്കലാണെന്നാണ് നബി(സ) പഠിപ്പിക്കുന്നത്. അപ്പോൾ മാത്രമേ വിശ്വാസം തന്നെയും ശരിയാവുകയുള്ളൂ. ആവശ്യമില്ലാത്ത കാര്യങ്ങളിൽ തലയിടാതിരിക്കുകയെന്നതാണ് നാവ് നേരെയാക്കാൻ ആദ്യമായി ചെയ്യേണ്ടത്. ഏത് കാര്യത്തിലിടപെടും മുമ്പും പലവട്ടം ആലോചിക്കണം. 'നിരർഥകങ്ങളായ കാര്യങ്ങൾ ചെയ്യാതിരിക്കലാണ് മികച്ച വിശ്വാസം' എന്നും നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ■

Matrimonial

പ്രസ്ഥാന കുടുംബത്തിലെ യുവതി (20/5'2"). MBBS മൂന്നാം വർഷം. സൗന്ദര്യം. കോഴിക്കോട് ജില്ല. ആലോചനകൾ ക്ഷണിക്കുന്നു.

9496835890, 9495326407